# ആറുമാസത്തിനുള്ളില്‍ ശിശുക്കള്‍ നന്മതിന്മകള്‍ തിരിച്ചറിയും: ശാസ്ത്രീയ പഠനം

ജിബി വര്‍ഗീസ് മീനടം

ലണ്ടന്: ശിശുകള്‍ക്ക് ആറുമാസം പ്രായം ആകുമ്പോഴേക്കും തന്നെ സദാചാരബോധവും, നന്മയും തിന്മയും അഥവാ ശരിയും തെറ്റും വേര്‍തിരിച്ചറിയാനുള്ള കഴിവും ലഭിക്കുന്നുണ്ടെന്ന് ഒരു സംഘം മനശാസ്ത്രവിദഗ്ദര്. ശിശുകളുടെ ആദ്യനാളുകളില് മാതാപിതാക്കളുടെ പെരുമാറ്റമാണ് അവരുടെ സദാചാരബോധത്തെ പ്രധാനമായും സ്വാധീനിക്കുന്നതെന്ന് കാലങ്ങളായി കരുതിപോരുന്ന വ്യവ്സ്ഥയ്ക്ക് വിരുദ്ധമായ ഒരു കണ്ടെത്തലാണ് പുതിയ പഠനങ്ങളിലൂടെ വെളിവായിരിക്കുന്നതെന്ന് സാമൂഹ്യശാസ്ത്രജ്ഞര് അഭിപ്രായപ്പെടുന്നു.

ഒരു ശിശു മാതാവിന്റെ ഉദരത്തില് ഉരുവായി ആ കുഞ്ഞിന്റെ തലച്ചോറ് വളര്‍ച്ചപ്രാപിക്കുമ്പോള് തന്നെ ആ കുഞ്ഞിന്റെ തലച്ചോറില് നന്മയും തിന്മയും വേര്‍തിരിച്ചറിയാനുള്ള ഒരു സദാചാരകോഡും(മോറല്‍കാഡ്) രൂപപ്പെടുന്നുവെന്ന് ചുരുക്കം.

അമേരിക്കയിലെ കണക്റ്റിക്കട്ട് ഏയില് സര്‍വകലാശാലയിലെ സാമൂഹ്യ മനശാസ്ത്രഗവേഷണവിഭാഗം തലവന് പ്രഫസര് പോള് ബ്ലൂമിന്റെ നേതൃത്വത്തിലുള്ള ഗവേഷണസംഘമാണ് കുഞ്ഞുങ്ങളുടെ സദാചാരബോധവും നന്മതിന്മകള് വേര്‍തിരിച്ചറിയാനുള്ള കഴിവുകളുടെ രൂപികരണവും സംബന്ധിച്ച പഠനങ്ങള്‍ക്ക് പിന്നില് പ്രവര്‍ത്തിച്ചത്. പഠനത്തിന്റെ ഭാഗമായി ഗവേഷണം സംഘം പ്രധാനമായും നടത്തിയ നീരിക്ഷണങ്ങളില് അധികവും ആറുമാസം മുതല് ഒരു വയസുവരെ പ്രായമുള്ള ശിശുക്കളിലായിരുന്നു.

കുഞ്ഞുങ്ങളുടെ മുഖഭാവഭേദങ്ങളും ചെറു ചലനങ്ങളും പ്രതികരണങ്ങളും മനസിലാക്കാനായി അവര്‍ക്ക് വളരെ ആകര്‍ഷണം തോന്നുന്ന പാവരൂപങ്ങളെയാണ് പഠനത്തിന്റെ ആരംഭഘട്ടത്തില് ഗവേഷകര് ഉപയോഗിച്ചത്. സമൂഹത്തിലെ നന്മയെയും തിന്മയെയും പ്രതിനിധികരിക്കുന്ന വസ്തുകളുടെയും ജീവികളുടെയും രൂപത്തിലുള്ള പാവകളെ കുഞ്ഞുങ്ങളുടെ മുന്‍പില് ശാസ്ത്രജ്ഞര് പ്രദര്‍ശിപ്പിക്കുകയുണ്ടായി.

ഭൂരിപക്ഷം കുഞ്ഞുങ്ങള്‍ക്കും നന്മയെ പ്രതിനിധികരിക്കുന്ന സ്വഭാവമുള്ള വസ്തുകളുടെ പാവരൂപങ്ങളോടാണ് ആകര്‍ഷണം തോന്നിയതെന്ന്

നീരക്ഷണങ്ങൾക്കാടുവില് ഗവേഷകര് കണ്ടെത്തി.

ഉദാഹരണത്തിന് , ഒരു കുന്നിൻമുകളിലേക്ക് വളരെ പ്രയാസപ്പെട്ടു കയറുന്ന പാവയെ മറ്റൊരു പാവ സഹായിക്കുന്നതും മൂന്നാമന് മറ്റു രണ്ടു പേരെയും തള്ളിയിടാന് ശ്രമിക്കുന്ന തരത്തിലുള്ള പരീക്ഷണരീതികളാണ് കുട്ടികളിലെ നന്മതിന്മബോധം തിരിച്ചറിയാനുള്ള പഠനത്തിന്റെ ആദ്യഘട്ടമായി ഗവേഷകര് പ്രയോഗിച്ചത്. നിരവധി തവണ ഈകാര്യങ്ങള് കുട്ടികളുടെ കൺമുൻപില് പ്രദർശിപ്പിക്കുകയും തുടർന്ന് കുട്ടികളുടെ സമീപത്തേക്ക് ഈ മൂന്നു പാവകളും കൊണ്ടുചെന്നപ്പോള് ഭൂരിപക്ഷം പേരും കുന്നുകയറിയ പാവയോടും അതിനെ സഹായിക്കാനെത്തിയ പാവയോടും ആകൃഷ്ടരായി. മാത്രമല്ല ഇരുവരെയും തള്ളിയിടാന് ശ്രമിച്ചപാവയെ കുരുന്നുകളുടെ സമീപത്തേക്ക് കൊണ്ടുചെന്നപ്പോള് തന്നെ ഭൂരിപക്ഷം കുഞ്ഞുങ്ങളും നീരസത്തോടെ മുഖം തിരിക്കുകയും ചെയ്തുവെന്നതാണ് മറ്റൊരു പ്രധാന സംഗതി. തിൻമസ്വഭാവമുള്ള പാവകൾക്ക് തങ്ങളാല് ആവുവിധം ശിക്ഷകള് നല്കാനും ചില കുരുന്നകള് കരുത്തുകാട്ടിയതായും പഠനറിപ്പോർട്ടില് പറയുന്നു.

ഘട്ടംഘട്ടമായി മറ്റ് തരത്തിലുള്ള നിരവധി പരീക്ഷണങ്ങള് നടത്തിയതിന് ശേഷമാണ് കൊച്ചുകുഞ്ഞുങ്ങളില് അവര് ജനിക്കുമ്പോള് തന്നെ സദാചാരബോധം രൂപപ്പെടുന്നവെന്ന നിഗമനത്തില് പഠനസംഘം എത്തിയത്. മനുഷ്യജീവിതത്തിന്റെ ആരംഭഘട്ടത്തില് തന്നെ ആഴമായ സദാചാരബോധം രൂപപ്പെടുന്നുവെന്നാണ് കുഞ്ഞുങ്ങളില് നടത്തിയ ഗവേഷണങ്ങള് തെളിയിക്കുന്നതെന്ന് പഠനങ്ങൾക്ക് നേതൃത്വം നല്കിയ പ്രഫസര് പോള് ബ്ലൂം അഭിപ്രായപ്പെട്ടു.

ഒരു മനുഷ്യന് ജനിച്ച് ഒരു വയസ്പ്രായമാകുന്നതിന് മുൻേപ സദാചാരചിന്തകളും, സദാചാരവികാരങ്ങളും സദാചാരപരമായ തീരുമാനങ്ങളും ആ വ്യക്തിയില് രൂപപ്പെടുന്നുണ്ടെന്നു വേണം കണക്കാക്കാനെന്നും അദേഹം കൂട്ടിചേർത്തു.